(സി) ആസ്തി വികസന പദ്ധതിയിലേയ്ക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ആസ്തി വികസന പദ്ധതിയിലേയ്ക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് സാങ്കേതികമായ കാലതാമസം മാത്രമാണ് വരുന്നത്.

ആരോഗ്യമേഖലയ്ക്ക് നീക്കിവച്ച ആസ്തി വികസന ഫണ്ട്

33(3454) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ ബഡ്ജറ്റിൽ ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നീക്കിവച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം എങ്ങനെ നടത്താനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇപ്രകാരം നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) നടപ്പുവർഷത്തെ ബഡ്ജറ്റിൽ ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നീക്കിവച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് തീരുമാനങ്ങൾക്കായി നടപടി സ്വീകരിച്ചുവരുന്നു.

ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്

34 (3455) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം വിവിധ പദ്ധതികളിൽ ടെണ്ടർ സേവിംഗ്സായി എത്ര തുകയാണ് ഉള്ളതെന്ന് വിശദമാക്കാമോ?

4-8-2018-ലെ സ.ഉ.(അ)നം.119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഉദുമ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സായുള്ള തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly